**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 894** **14-10-2026-ൽ മറുപടിയ്ക്ക്**

**ജലവിഭവ വകുപ്പിന്റെ മാവേലിക്കര മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എസ്. അരുൺ കുമാർ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിലുള്ള കാക്കറുമ്പ് പാലം നിർമ്മാണത്തിന് ബജറ്റിൽ തുക അനുവദിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 60 ലക്ഷം രൂപ അടങ്കൽ തുകയും ആയതിന്റെ 20% ആയ 12,00,000/- രൂപ വകയിരുത്തിയതുമായ മാവേലിക്കര മണ്ഡലത്തിലെ "Construction of Kakkurumb bridge in Vallikunnam Grama Panchayath" എന്ന പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (Detailed Project Report) ഭരണാനുമതിയ്ക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നത് പരിശോധിക്കുന്നതിനായി ഭരണാനുമതി കമ്മിറ്റി യോഗം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കായി ഇറിഗേഷൻ വകുപ്പ് നൽകിയ എസ്റ്റിമേറ്റ് (എം13/52/2026) പരിഗണിച്ച് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** മാവേലിക്കര മണ്ഡലത്തിൽ താമരക്കുളം പഞ്ചായത്തിലെ വയ്യാങ്കര ചിറയുടെ സംരക്ഷണഭിത്തി നിർമ്മാണത്തിനായി ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഡ്ജറ്റിൽ 100 ലക്ഷം രൂപ അടങ്കൽ തുകയും ആയതിന്റെ 20% ആയ 20,00,000/- രൂപ വകയിരുത്തിയതുമായ മാവേലിക്കര മണ്ഡലത്തിലെ "വയ്യാങ്കരച്ചിറ ടൂറിസം പദ്ധതി" എന്ന പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (Detailed Project Report) ഭരണാനുമതിയ്ക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

**(ഡി)** പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് നല്കിയത് (എം 13/91/2026)പരിഗണിച്ച് ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**